## പതിമൂന്നാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1663 — 03.10.2011 ൽ മറുപടിയ്ക്ക്

### പോക്കുവരവ് ചട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഭൂമി രജിസ്ട്രേഷന്റെയും പോക്കുവരവ് നടപടികളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പോക്കുവരവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്ത് പല ജില്ലകളിലും പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ, പോക്കുവരവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെട്ടുവരുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പോക്കുവരവ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിനും ഏകീകൃതമായി നടപ്പിലാക്കുന്നതിനുമായി, 2.7.2011 ൽ 2689/ഇ3/2010/റവന്യൂ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അടക്കം ചെയ്യുന്നു.) |
| (സി) ഭൂമി കൈമാറ്റം വ്യാജമായി നടത്തുന്നവർക്കെതിരെ നടപടിയെടുക്കുവാനും രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുവാനും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ എത്രത്തോളം പര്യാപ്തമാണ്; വിശദമാക്കുമോ? | (സി) ബാധകമല്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻഓഫീസർ